പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ 1558

16-03-2015 ൽ മറുപടിക്ക്

## തൃശ്ശൂർ മലപ്പുറം ജില്ലകളിലെ കോൾപ്പാടശേഖരങ്ങൾ

**ചോദ്യം**

ശ്രീ. പി.എ. മാധവൻ

**ഉത്തരം**

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) തൃശ്ശൂർ മലപ്പുറം ജില്ലകളിലെ കോൾപ്പാടശേഖരങ്ങൾക്കായി എത്രകോടി രൂപയുടെ പദ്ധതിയ്ക്കാണ് അംഗീകാരം നൽകിയതെന്ന് അറിയിക്കുമോ; | (എ) | RIDF-ൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനായി 300 കോടി രൂപയുടെ പദ്ധതിയ്ക്കും RKVY-ൽ ഉൾപ്പെടുത്തി 114.20 കോടി രൂപയുടെ പദ്ധതിയ്ക്കുമാണ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളത്. |
| (ബി) നാളിതുവരെ ഏതെല്ലാം പ്രോജക്ടുകൾക്കായി എത്ര രൂപ വീതം ചെലവഴിച്ചുവെന്ന് അറിയിക്കാമോ; | (ബി) | RIDF-ൽ ഉൾപ്പെട്ട പദ്ധതികൾക്കായി 2452.581 ലക്ഷം രൂപയും RKVY പദ്ധതികൾക്കായി 1233.299 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (സി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പദ്ധതികൾ ഏതെല്ലാമെന്നും ഇവയുടെ എസ്റ്റിമേറ്റ് തുക എത്രയെന്നും അറിയിക്കാമോ; | (സി) | കോൾനിലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒന്നാംഘട്ടം എന്ന നിലയിൽ RIDF XIX ൽ ഉൾപ്പെടുത്തി 123.52 കോടി രൂപയുടെയും രണ്ടാംഘട്ടം എന്ന നിലയിൽ RIDF XX ൽ ഉൾപ്പെടുത്തി 79.2948 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. RKVY-ൽ ഉൾപ്പെടുത്തി പെട്ടി പറ എന്നിവയിക്ക് ബദൽ സംവിധാനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പദ്ധതിയ്ക്കായി 100 ലക്ഷം രൂപയുടെയും പച്ചക്കറി കൃഷി വ്യാപനത്തിനായി 163 ലക്ഷം രൂപയുടെയും കറവമാട് താറാവ് വളർത്തൽ പദ്ധതികൾക്കായി 478.53 ലക്ഷം രൂപയുടെയും കാർഷിക യന്ത്രവത്കരണത്തിനായി 2745.30 ലക്ഷം രൂപയുടെയും മത്സ്യവിപണനത്തിനായി 277.84 ലക്ഷം രൂപയുടെയും കോഴി വളർത്തൽ പദ്ധതിയ്ക്കായി 479.00 ലക്ഷം രൂപയുടെയും ജൈവകൃഷി വ്യാപനം പദ്ധതിയ്ക്കായി 65 ലക്ഷം രൂപയുടെയും ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. |
| (ഡി) കോൾ പാക്കേജ് എന്നേയ്ക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ? | (ഡി) | ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച് 3 വർഷത്തിനകം പൂർത്തിയാക്കുവാൻ കഴിയുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ